# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മംഗൽപാടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ./കെ.എസ്.ഡി.5/807/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 18/01/2022
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മംഗൽപാടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മംഗൽപാടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മംഗൽപാടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ./കെ.എസ്.ഡി.5/807/21 തീയ്യതി: 18/01/2022

## കാസർഗോഡ് ജില്ലയിലെ മംഗൽപാടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ മംഗൽപാടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| അജിതൻ ടി. എൻ. | ഡെപ്യൂട്ടി ഡയറക്ടർ | 02-11-2021 | 10-11-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 02-11-2021 | 10-11-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ഗോപാലകൃഷ്ണ നായ്ക് പി.ഓഡിറ്റ് ഓഫീസർ
ശ്രീ.ജയാനന്ദ എച്ച്.ഓഡിറ്റ് ഓഫീസർ
ശ്രീ.യാദവ കുമാരാ സി.എച്ച്.അസിസ്റ്റൻറ് ഓഡിറ്റ് ഓഫീസർ

ശ്രീ.രഘുനാഥൻ.കെ (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)
ശ്രീ.എം.ബാബു ,അസിസ്റ്റൻറ് ഓഡിറ്റ് ഓഫീസർ
ശ്രീ.ജനാർദ്ദനൻ സി .സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.അരുൺ ദേവ് ,സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഷാഹുൽഹമിദ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| അബ്ദുൽഫത്താഹ് .ബി | സെക്രട്ടറി | 01-04-2019 | 14-08-2019 |
| മനു.ടി.പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 15-08-2019 | 19-12-2019 |
| ശിഹാബ്.യം | സെക്രട്ടറി | 20-12-2019 | 27-01-2020 |
| മനു.ടി.പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 28-01-2020 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| മനു.ടി.പി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ഡോ.ഗോപകുമാർ.കെ.കെ | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2019 | 31-03-2020 |
| ഡോ.ദേവലാല് | വെറ്റിനറി സർജ്ജൻ | 01-04-2019 | 31-03-2020 |
| ബിനി ജോസ് | കൃഷി ഓഫീസർ | 01-04-2019 | 26-09-2019 |
| അഞ്ജു യം സനി | കൃഷി ഓഫീസർ | 27-09-2019 | 05-10-2019 |
| ഹുസൈൻ.പി.പി | കൃഷി ഓഫീസർ (ചാർജ്) | 06-10-2019 | 26-10-2019 |
| രാമചന്ദ്രൻ വി.വി. | കൃഷി ഓഫീസർ | 27-10-2019 | 20-01-2020 |
| രാമചന്ദ്രൻ വി.വി. | കൃഷി ഓഫീസർ | 21-01-2019 | 31-03-2020 |
| ഡോ.ഷീന | മെഡിക്കൽ ഓഫീസർ ഹോമിയോപ്പതി | 01-04-2019 | 01-06-2019 |
| ഡോ.പ്രശാന്ത്.എസ് | മെഡിക്കൽ ഓഫീസർ ഹോമിയോപ്പതി | 02-06-2019 | 24-11-2019 |
| ഡോ.മുംതാസ് | മെഡിക്കൽ ഓഫീസർ ഹോമിയോപ്പതി | 25-11-2019 | 21-12-2019 |
| ഡോ.ചാർലി മാത്യൂസ് | മെഡിക്കൽ ഓഫീസർ | 22-12-2019 | 12-02-2021 |

| | | | |
|---|---|---|---|
| | ഹോമിയോപ്പതി | | |
| ഡോ.ശിവാനി.എസ് | മെഡിക്കൽ ഓഫീസർ ഹോമിയോപ്പതി | 13-02-2021 | 31-03-2021 |
| സുമയ്യ.എസ്.വി | ഐ.സി.ഡി.എസ് സൂപ്പർവൈസര് | 01-04-2019 | 31-03-2020 |
| ഡോ.ചന്ദ്രമോഹൻ | മെഡിക്കൽ ഓഫീസർ അലോപ്പതി | 01-04-2019 | 31-03-2020 |
| പ്രദീപ് കുമാർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ഉപ്പള സർക്കിൾ) | 01-04-2019 | 07-09-2019 |
| ശ്രീജ .സി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ഉപ്പള സർക്കിൾ ചാർജ്) | 08-09-2019 | 31-03-2020 |
| ശ്രീജ .സി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ഇച്ചിലങ്കോട് സർക്കിൾ) | 01-04-2019 | 31-03-2020 |
| ജിജോമോൻ.വി.സി | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2019 | 31-03-2020 |
| വസന്ത കുമാർ.സി.കെ | പ്രധാനാധ്യാപകൻ | 01-04-2019 | 31-03-2020 |
| മുഹമ്മദ് മുസ്തർ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2019 | 13-05-2019 |
| അജയകുമാർ | അസിസ്റ്റന്റ് എഞ്ചിനിയർ | 14-05-2019 | 20-07-2019 |
| തിമ്മക്കുടിയ.ഒ | അസിസ്റ്റന്റ് എഞ്ചിനിയർ | 21-07-2019 | 08-08-2019 |
| അഖിൽ.ജി | അസിസ്റ്റന്റ് എഞ്ചിനിയർ | 09-08-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Jayananda. H (Audit Officer, On 08-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 23-11-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക പരിശോധന – നിരീക്ഷണങ്ങൾ<br>Written By: Arun Dev V.R (Senior Grade Auditor, On 09-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 23-11-2021) | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികക്കൊപ്പം അക്കൗണ്ടുകളിൻമേലുള്ള കുറിപ്പുകൾ തയ്യാറാക്കി സമർപ്പിച്ചില്ല.<br>Written By: Arun Dev V.R (Senior Grade Auditor, On 14-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 23-11-2021) | 1-2-1 |
| 4 | കുടിശ്ശിക ഇനത്തിലെ ബാലൻസ് തുക യഥാർത്ഥ തുകയുമായി പൊരുത്തപ്പെടുന്നില്ല.<br>Written By: Arun Dev V.R (Senior Grade Auditor, On 14-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 23-11-2021) | 1-2-2 |
| 5 | തൻ വർഷ ഡി.സി.ബി യിൽ ബാലൻസ് തുക യഥാർത്ഥ തുകയുമായി പൊരുത്തപ്പെടുന്നില്ല.<br>Written By: Arun Dev V.R (Senior Grade Auditor, On 14-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 23-11-2021) | 1-2-3 |
| 6 | എൻകാഷ് ചെയ്യാത്ത ചെക്കുകളുടെ തുക കാലാവധി "കഴിഞ്ഞ ചെക്കുകൾ (Liability In Respect Of Stale Cheque)"എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല.<br>Written By: Arun Dev V.R (Senior Grade Auditor, On 14-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 05-01-2022) | 1-2-4 |
| 7 | B1 ഷെഡ്യൂൾ പ്രകാരമുള്ള തുക ട്രയൽ ബാലൻസ് നീക്കിയിരിപ്പ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.<br>Written By: Arun Dev V.R (Senior Grade Auditor, On 14-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 23-11-2021) | 1-2-5 |
| 8 | ലിറ്ററസി ഗ്രാന്റ് ഇനത്തിലെ തുക അക്കൗണ്ട് നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.<br>Written By: Arun Dev V.R (Senior Grade Auditor, On 14-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 23-11-2021) | 1-2-6 |
| 9 | ദുരിതാശ്വാസ നിധി ഇനത്തിലെ തുക അക്കൗണ്ടിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.<br>Written By: Arun Dev V.R (Senior Grade Auditor, On 14-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 23-11-2021) | 1-2-7 |
| 10 | കുടിശ്ശിക ഇനത്തിൽ ചുവടെ പറയുന്ന ഇനങ്ങളിൽ ഡിമാന്റ് രേഖപ്പെടുത്തിയിട്ടില്ല.<br>Written By: Arun Dev V.R (Senior Grade Auditor, On 14-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 23-11-2021) | 1-2-8 |
| 11 | ലൈബ്രറി സെസ്സ് ഇനത്തിൽ B9 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് യഥാർത തുകയുമായി പൊരുത്തപ്പെടുന്നില്ല | 1-2-9 |

| | | |
|---|---|---|
| | Written By: Arun Dev V.R (Senior Grade Auditor, On 14-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 23-11-2021) | |
| 12 | സ്ഥിര നിക്ഷപത്തിന് തൻ വർഷം ലഭിച്ച പലിശ ബന്ധപ്പെട്ട ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല.<br>Written By: Arun Dev V.R (Senior Grade Auditor, On 14-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 23-11-2021) | 1-2-10 |
| 13 | സാമ്പത്തിക വിശകലനം<br>Written By: Arun Dev V.R (Senior Grade Auditor, On 08-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 23-11-2021) | 1-3 |
| 14 | ഫണ്ട് വിനിയോഗം<br>Written By: Jayananda. H (Audit Officer, On 08-11-2021)<br>Last Updated By: Jayananda. H (Audit Officer, On 12-12-2021) | 1-4 |
| 15 | പദ്ധതി അവലോകനം<br>Written By: Jayananda. H (Audit Officer, On 08-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 25-11-2021) | 1-5 |
| 16 | തൊഴിലുറപ്പ് പദ്ധതി<br>Written By: Yadavakumara. C.H (Asst. Audit Officer, On 08-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 25-11-2021) | 1-6 |
| 17 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം<br>Written By: Janardanan C (Senior Grade Auditor, On 08-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 25-11-2021) | 1-7 |
| 18 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Arun Dev V.R (Senior Grade Auditor, On 08-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 25-11-2021) | 1-8 |
| 19 | ആഭ്യന്തര നിയന്ത്രണം<br>Written By: Jayananda. H (Audit Officer, On 15-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 25-11-2021) | 1-9 |
| 20 | മറ്റു ഓഡിറ്റ് നടത്തിയതിന്റെ വിവരം<br>Written By: Jayananda. H (Audit Officer, On 08-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 25-11-2021) | 1-10 |
| 21 | പഞ്ചായത്തു പരിധിയിലെ റേഷൻ കടകൾ FTE&OS ലൈസൻസ് എടുക്കുന്നില്ല<br>Written By: Janardanan C (Senior Grade Auditor, On 11-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 25-11-2021) | 1-11 |
| 22 | ലൈസൻസ് - വാർഡ് വൈസ് ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല.<br>Written By: Janardanan C (Senior Grade Auditor, On 11-11-2021)<br>Last Updated By: Janardanan C (Senior Grade Auditor, On 11-11-2021) | 1-12 |
| 23 | സേവനങ്ങൾ നൽകുന്നതിന് നിയമ പ്രകാരമുള്ള ഉപനികുതി ഈടാക്കുന്നില്ല.<br>Written By: Janardanan C (Senior Grade Auditor, On 11-11-2021)<br>Last Updated By: Janardanan C (Senior Grade Auditor, On 11-11-2021) | 1-13 |
| 24 | റദ്ദാക്കിയ സാംഖ്യ രസീതിലെ തുകകൾ സഞ്ചയയിൽ വരവായി രേഖപ്പെടുത്തുന്നു.<br>Written By: Arun Dev V.R (Senior Grade Auditor, On 15-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 25-11-2021) | 1-14 |
| 25 | വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിച്ച തുകയുടെ കളക്ഷൻ ചാർജ് ഇൗടാക്കിയിട്ടില്ല.<br>Written By: Arun Dev V.R (Senior Grade Auditor, On 15-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 25-11-2021) | 1-15 |
| 26 | ഹരിത സഹായ സംഘങ്ങൾക്കുള്ള വേതനം പദ്ധതി - അപാകത | 1-16 |

| | | |
|---|---|---|
| | Written By: Raghunadhan. K (Asst. Audit Officer, On 12-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 25-11-2021) | |
| 27 | ലോ മാസ്റ്റ് തെരുവ് വിളക്കുകൾക്ക് വൈദ്യുതി കണക്ഷൻ നൽകൽ -പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.<br>Written By: Raghunadhan. K (Asst. Audit Officer, On 12-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 25-11-2021) | 1-17 |
| 28 | 15,16,23 വാർഡുകളിൽ തെരുവ് വിളക്ക് ലൈൻ വലിക്കൽ പദ്ധതി- വിനിയോഗ വിവരം ലഭ്യമാക്കിയില്ല<br>Written By: Raghunadhan. K (Asst. Audit Officer, On 12-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 25-11-2021) | 1-18 |
| 29 | പാലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റി/പാലിയേറ്റീവ് ഇംപ്ലിമെന്റേഷൻ കമ്മിറ്റി യോഗങ്ങൾ ചേരുന്നില്ല<br>Written By: Janardanan C (Senior Grade Auditor, On 11-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 25-11-2021) | 1-19 |
| 30 | യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്ന് പിഴ ഈടാക്കിയിട്ടില്ല.<br>Written By: Yadavakumara. C.H (Asst. Audit Officer, On 10-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 25-11-2021) | 1-20 |
| 31 | കരാറുകാർ നിയമാനുസൃത സമയത്തിനുള്ളിൽ കരാർ ചമച്ചിട്ടില്ല- പിഴ തുക ഈടാക്കാത്തതിനാൽ നഷ്ടം.<br>Written By: Yadavakumara. C.H (Asst. Audit Officer, On 10-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 28-12-2021) | 1-21 |
| 32 | തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്-സംയുക്തമായി പരിശോധന നടത്തിയിട്ടില്ല<br>Written By: Janardanan C (Senior Grade Auditor, On 11-11-2021)<br>Last Updated By: Janardanan C (Senior Grade Auditor, On 11-11-2021) | 1-22 |
| 33 | ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ രേഖകൾ ഹാജരാക്കിയില്ല.<br>Written By: Yadavakumara. C.H (Asst. Audit Officer, On 10-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 26-11-2021) | 1-23 |
| 34 | വെള്ളക്കരം- ഗ്രാമപഞ്ചായത്തും കേരള വാട്ടർ അതോറിറ്റിയും സംയുക്ത പരിശോധന നടത്തിയിട്ടില്ല<br>Written By: Janardanan C (Senior Grade Auditor, On 11-11-2021)<br>Last Updated By: Janardanan C (Senior Grade Auditor, On 11-11-2021) | 1-24 |
| 35 | ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല.<br>Written By: Janardanan C (Senior Grade Auditor, On 11-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 26-11-2021) | 1-25 |
| 36 | കുമ്പന്തൂർ പാടശേഖരത്തിന് വൈദ്യുതിലൈൻ വലിക്കൽ പദ്ധതി<br>Written By: Raghunadhan. K (Asst. Audit Officer, On 12-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 26-11-2021) | 1-26 |
| 37 | വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും ഹാജരാക്കിയിട്ടില്ല.<br>Written By: Jayananda. H (Audit Officer, On 15-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 05-01-2022) | 1-27 |

ഭാഗം **2**

--- No Records Found ---

ഭാഗം **3**

| | | |
|---|---|---|
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവിരം<br>Written By: Jayananda. H (Audit Officer, On 08-11-2021)<br>Last Updated By: Jayananda. H (Audit Officer, On 09-11-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jayananda. H (Audit Officer, On 08-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 26-11-2021) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം<br>Written By: Jayananda. H (Audit Officer, On 09-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 26-11-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്<br>Written By: Jayananda. H (Audit Officer, On 09-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 26-11-2021) | 4-4 |
| 5 | വായ്പാ/വായ്പാ തിരിച്ചടവ്<br>Written By: Jayananda. H (Audit Officer, On 09-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 28-12-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Jayananda. H (Audit Officer, On 09-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 28-12-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Jayananda. H (Audit Officer, On 09-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 25-11-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Gopalakrishna Nayik (Audit Officer, On 06-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 26-11-2021) | 4-8 |
| 9 | ചാർജ്ജ്,സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Jayananda. H (Audit Officer, On 09-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 23-11-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jayananda. H (Audit Officer, On 09-11-2021)<br>Last Updated By: Jayananda. H (Audit Officer, On 03-01-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Gopalakrishna Nayik (Audit Officer, On 06-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 26-11-2021) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ഇൻകം ആന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | |
| 4 | റസീറ്റ് ആന്റ് പേമെന്റ് സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

## ഭാഗം -1

### 1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റ് അംഗീകരിച്ചതിന്റെ വിവരം -

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം, തിയതി | 01/2തീയതി 14-02-2019 | 1(1)തീയതി 13-02-20 |
| മുന്നിരിപ്പ് | 82,64,052 | 5,84,20,279 |
| വരവ് | 19,92,13,484 | 34,05,21,111 |
| ആകെ | 20,74,77,536 | 39,89,41,390 |
| ചെലവ് | 20,49,07,184 | 39,30,41,236 |
| നീക്കിയിരിപ്പ് | 25,70,352 | 59,00,154 |

### 1-2 വാർഷിക ധനകാര്യ പത്രിക പരിശോധന – നിരീക്ഷണങ്ങൾ

മംഗൽപാടി ഗ്രാമ പഞ്ചായത്തിന്റെ 2019-20 വർഷത്തെ ധനകാര്യ പത്രികയുടെ വിശദമായ പരിശോധനയും സർട്ടിഫിക്കേഷനും ഓഡിറ്റ് വേളയിൽ നടത്തി. ധനകാര്യ പത്രികയുടെ വെരിഫിക്കേഷനുമായി ബന്ധപ്പെട്ട നിരീക്ഷണങ്ങൾ ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-2-1 വാർഷിക ധനകാര്യ പത്രികക്കൊപ്പം അക്കൗണ്ടുകളിൻമേലുള്ള കുറിപ്പുകൾ തയ്യാറാക്കി സമർപ്പിച്ചില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് ) ചട്ടങ്ങൾ ചട്ടം 62(2) ഇ പ്രകാരം പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ , കണ്ടിജന്റ് ബാധ്യതകൾ , ധന സഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ, തുടങ്ങിയവ ഉൾപ്പെടുത്തി അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിക്കണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല.

### 1-2-2 കുടിശ്ശിക ഇനത്തിലെ ബാലൻസ് തുക യഥാർത്ഥ തുകയുമായി പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | ഇനം (കോഡ്) | 2018-19 B15 പ്രകാരം കുടിശ്ശിക ലഭിക്കേണ്ട തുക (1) | 2019-20 ലഭിച്ച തുക (RP43) (2) | 2019-20 B15 പ്രകാരം കുടിശ്ശിക ഇനത്തിൽ ലഭിക്കാനുള്ള തുക | കുടിശ്ശിക ഇനത്തിൽ ലഭിക്കേണ്ട തുക (1) - (2) |
|---|---|---|---|---|---|
| 1 | വസ്തു നികുതി-റസിഡൻഷ്യൽ (431100102) | 5045207 | 1981970 | 2667652 | 3063237 |
| 2 | വസ്തുനികുതി-നോൺ റസിഡൻഷ്യൽ (431100104) | 14903245 | 3114361 | 9775999 | 11788884 |

B 15 പ്രകാരം ലഭിക്കാനുള്ളതായി രേഖപ്പെടുത്തിയിട്ടുള്ള തുക യഥാർത്ഥ തുകയുമായി പൊരുത്തപ്പെടുന്നില്ല.

### 1-2-3 തൻ വർഷ ഡി.സി.ബി യിൽ ബാലൻസ് തുക യഥാർത്ഥ തുകയുമായി

പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | ഇനം (കോഡ്) | 2019-20 I-1/ I-3 പ്രകാരം ഡിമാന്റ് തുക (1) | 2019-20 ൽ ലഭിച്ച തുക (RP43) (2) | 2018-19 B9 പ്രകാരം അഡ്വാൻസായി ലഭിച്ച തുക (3) | 2019-20 B15 പ്രകാരം ലഭിക്കാനുള്ള തുക | ഡിമാന്റ്-കളക്ഷൻ എന്നിവ പ്രകാരം ലഭിക്കാനുള്ള തുക (1)-(2)-(3) |
|---|---|---|---|---|---|---|
| 1 | വസ്തുനികുതി-റസിഡൻഷ്യൽ (431100101) | 4648775 | 3026192 | 110398 | 1604695 | 1512185 |
| 2 | വസ്തുനികുതി-നോൺ-റസിഡൻഷ്യൽ (431100103) | 7363451 | 3755655 | 99792 | 3697193 | 3508004 |

1-2-4 എൻകാഷ് ചെയ്യാത്ത ചെക്കുകളുടെ തുക കാലാവധി "കഴിഞ്ഞ ചെക്കുകൾ (Liability In Respect Of Stale Cheque)"എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല.

പഞ്ചായത്ത് നൽകിയിട്ടുള്ളതും 3 മാസത്തിലധികമായി എൻകാഷ് ചെയ്യാത്തതുമായി ചെക്കുകളുടെ തുക കാലാവധി "കഴിഞ്ഞ ചെക്കുകൾ (Liability In Respect Of Stale Cheque)"എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല.

| ബാങ്ക് | വൗച്ചർ നം | ചെക്ക് നം | തീയതി | തുക | ആകെ |
|---|---|---|---|---|---|
| മംഗൽപാടി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 21900686 | 7404 | 03/12/2019 | 960 | 961 |
| | 31800221 | - | 11/10/2018 | 1 | |
| എസ്.ബി.ഐ. A/C 673973771000 | 21801179 | 550835 | 26/03/2019 | 3304 | 3304 |

1-2-5 B1 ഷെഡ്യൂൾ പ്രകാരമുള്ള തുക ട്രയൽ ബാലൻസ് നീക്കിയിരിപ്പ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

2019-20 സാമ്പത്തിക വർഷത്തെ ബാലൻസ് ഷീറ്റ് B1 ഷെഡ്യൂൾ പ്രകാരമുള്ള തുക 2019-20 ട്രയൽ ബാലൻസ് നീക്കിയിരിപ്പ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം (കോഡ്) | 2019-20 B1 ഷെഡ്യൂൾ പ്രകാരം തുക | 2019-20 ജനറൽ ലെഡ്ജർ ട്രയൽ ബാലൻസ് നീക്കിയിരിപ്പ് |
|---|---|---|
| എക്സസ് ഓഫ് ഇൻകം ഓവർ എക്സ്പെൻഡിച്ചർ (310900100) | 63976276.55 | 40684964.55 |

1-2-6 ലിറ്ററസി ഗ്രാന്റ് ഇനത്തിലെ തുക അക്കൗണ്ട് നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

| B4 ഷെഡ്യൂൾ പ്രകാരം ലിറ്ററസി സ്കീം ഗ്രാന്റ് ഇനത്തിലെ നീക്കിയിരിപ്പ് തുക | B17 ഷെഡ്യൂൾ പ്രകാരം നോർത്ത് മലബാർ ഗ്രാമീൺ ബാങ്ക് (ലിറ്ററസി) അക്കൗണ്ടിലെ നീക്കിയിരിപ്പ് |
|---|---|

| | |
|---|---|
| 31679 | 33590 |

1-2-7 ദുരിതാശ്വാസ നിധി ഇനത്തിലെ തുക അക്കൗണ്ടിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

| B2 ഷെഡ്യൂൾ പ്രകാരം ദുരിതാശ്വാസ നിധി ഇനത്തിലെ നീക്കിയിരിപ്പ് തുക | B17 ഷെഡ്യൂൾ പ്രകാരം NMG ബാങ്ക് (റിലീഫ് ഫണ്ട്) അക്കൗണ്ടിലെ നീക്കിയിരിപ്പ് |
|---|---|
| 13641 | 6141 |

1-2-8 കുടിശ്ശിക ഇനത്തിൽ ചുവടെ പറയുന്ന ഇനങ്ങളിൽ ഡിമാന്റ് രേഖപ്പെടുത്തിയിട്ടില്ല.

| ഇനം (കോഡ്) | 2018-19 B15 പ്രകാരം കുടിശ്ശിക ഇനത്തിൽ ലഭിക്കേണ്ട തുക | 2019-20 RP 43 പ്രകാരം ലഭിച്ച തുക | 2019-20 B 15 പ്രകാരം കുടിശ്ശിക ഇനത്തിൽ ലഭിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|
| Other Receivables (431409902) | 0 | 0 | 5610 |
| License Fees For For Dangerous And Offensive Traders (431300102) | 0 | 1200 | 0 |

1-2-9 ലൈബ്രറി സെസ്സ് ഇനത്തിൽ B9 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് യഥാർത്ഥ തുകയുമായി പൊരുത്തപ്പെടുന്നില്ല

| 2018-19 B 9 പ്രകാരം ഒടുക്കാനുള്ള തുക (1) | 2019-20 RP 36 പ്രകാരം ലഭിച്ച തുക (2) | 2019-20 RP 36 പ്രകാരം ഒടുക്കിയ തുക (3) | 2019-20 B9 പ്രകാരം ഒടുക്കാൻ ബാക്കിയുള്ള തുക | ഒടുക്കാൻ ബാക്കി വരേണ്ടിയിരുന്ന തുക (1) + (2) – (3) |
|---|---|---|---|---|
| 205666.45 | 602549 | 0 | 822038.45 | 808215.45 |

1-2-10 സ്ഥിര നിക്ഷപത്തിന് തൻ വർഷം ലഭിച്ച പലിശ ബന്ധപ്പെട്ട ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല.

2019-20 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിലെ B-12 ഷെഡ്യൂൾ പ്രകാരം 80,00,000/- രൂപ സ്ഥിര നിക്ഷേപമുണ്ട്. എന്നാൽ ഇതിൽ നിന്നും തൻ വർഷം ലഭിച്ച പലിശ 170 10 01 01 Interest On Fixed Deposit എന്ന ഹെഡ്ഡിൽ എടുക്കുന്നതിനു പകരം 171 10 01 01 Interest From Bank Account എന്ന ഹെഡിലാണ് എടുത്തിരിക്കുന്നത്.

1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| | |
|---|---|
| വർഷം | 2019-20 |

| | |
|---|---|
| മുന്നിരിപ്പ് | 4,20,62,218 |
| വരവ് | 7,22,21,382 |
| ആകെ | 11,42,83,600 |
| ചെലവ് | 5,85,42,394 |
| നീക്കിയിരിപ്പ് | 5,57,41,206 |

## 1-4 ഫണ്ട് വിനിയോഗം

വിവിധ ഫണ്ടുകളുടെ അലോട്ട്മെന്റ്, അവയിൽ നിന്നുള്ള ചെലവ്, വിനിയോഗിക്കാത്ത / ലാപ്സായ തുക എന്നീ വിവരങ്ങൾ ചുവടെ ചേർക്കുന്നു. (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | കുറിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 0 | 2,10,18,797 | 2,10,18,797 | 87,72,459 | 1,22,46,338 | സ്രോതസ്സിൽ നിന്നും ജി.ഒ പ്രോജക്ടിനായി കുറവ് ചെയ്ത തുകയായ 3,67,533 രൂപ അടക്കമുള്ള വരവു ചെലവു കളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്. ഇത് കൂടാതെ 3 ബില്ലുകളിലായി 4,34,457 രൂപയുടെ ബില്ലുകൾ ക്യൂ ബിൽ ആയിട്ടുണ്ട്. |
| വികസന ഫണ്ട് എസ്.സി.പി. | 0 | 68,86,588 | 68,86,588 | 17,82,041 | 51,04,547 | സ്രോതസ്സിൽ നിന്നും ജി.ഒ പ്രോജക്ടിനായി കുറവ് ചെയ്ത തുകയായ 14,706 രൂപ അടക്കമുള്ള വരവു ചെലവു കളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്. ഇത് കൂടാതെ 4 ബില്ലുകളിലായി 6,68,000 രൂപ യുടെ ബില്ലുകൾ ക്യൂ ബിൽ ആയിട്ടുണ്ട്. |
| വികസന ഫണ്ട് ടി.എസ്.പി. | 0 | 8,47,000 | 8,47,000 | 1,00,000 | 7,47,000 | |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 1,39,21,000 | 1,39,21,000 | 47,83,153 | 91,37,847 | പട്ടികയിലെ ചെലവ് തുക കൂടാതെ ഒരു ബില്ലിലായി 1,69,837 രൂപ ക്യൂബില്ലാ യിട്ടുണ്ട്. |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 0 | 69,32,000 | 69,32,000 | 30,00,766 | 39,31,234 | പട്ടികയിലെ ചെലവ് തുക കൂടാതെ ഒരു ബിൽ 11,50,000 രൂപ രൂപ ക്യൂബില്ലാ യിട്ടുണ്ട്. |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) | 0 | 1,65,82,088 | 1,65,82,088 | 13,65,883 | 1,52,16,205 | പട്ടികയിലെ ചെലവ് തുക കൂടാതെ ഒരു ബിൽ 3,00,000 രൂപ ക്യൂബില്ലാ യിട്ടുണ്ട്. |
| ജനറൽ പർപ്പസ് ഗ്രാന്റ് (ACR പ്രകാരം) | 0 | 2,01,43,663 | 2,01,43,663 | 1,42,86,119 | 58,57,544 | |
| കേന്ദ്രാവിഷ്കൃത പദ്ധതികൾ- | | | | | | |
| മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1317 | 45,78,307 | 45,79,624 | 43,06,474 | 2,73,150 | |
| NPRPD | 7,57,438 | 18,63,009 | 26,20,447 | 26,20,447 | 0 | |
| സംസ്ഥാന വിഷ്കൃത പദ്ധതികൾ- | | | | | | |
| നൂറ് തൊഴിൽദിനം പൂർത്തീകരി ച്ചവർക്കുള്ള ഇൻസെന്റീവ് | 0 | 42,000 | 42,000 | 42,000 | 0 | |
| വിധവകളുടെ പെൺമക്കൾ ക്കുള്ള വിവാഹ ധനസഹായം | 0 | 4,80,000 | 4,80,000 | 4,80,000 | 0 | |

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 365 | 30,30,69,666 | 134 | 3,76,52,633 | 17 | 214 | 36.71 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമനം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2019-20 വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2019-20 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 54 | 3,51,12,806 | 10 | 24,82,156 | 70 |
| 2 | അസിസ്റ്റന്റ് എഞ്ചിനിയർ | 245 | 11,03,33,029 | 88 | 1,99,64,624 | 18.09 |
| 3 | കൃഷി ഓഫീസർ | 5 | 42,53,733 | 5 | 12,16,110 | 28.58 |
| 4 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-(1) | 3 | 1,71,52,000 | 3 | 6,36,110 | 37 |
| | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (2) | 12 | 11,46,32,125 | 8 | 59,49,886 | 51 |
| 5 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 11 | 1,23,03,630 | 4 | 44,90,993 | 36.50 |
| 6 | വെറ്റിനറി സർജ്ജൻ | 11 | 19,35,000 | 9 | 7,43,032 | 38.39 |
| 7 | മെഡിക്കൽ ഓഫീസർ – ഹോമിയോ | 2 | 3,00,000 | 2 | 3,00,000 | 100 |
| 8 | മെഡിക്കൽ ഓഫീസർ – പി.എച്ച്.സി | 3 | 14,71,153 | 3 | 11,03,322 | 74.99 |
| 9 | പ്രധാനാധ്യാപകൻ | 13 | 42,64,190 | 5 | 4,66,400 | 10.93 |
| 10 | അസിസ്റ്റന്റ് സെക്രട്ടറി | 4 | 9,62,000 | 1 | 1,50,000 | 15.59 |
| 11 | മെഡിക്കൽ ഓഫീസർ- ആയുർവേദം | 1 | 1,50,000 | 1 | 1,50,000 | 100 |

| | | | | | | |
|---|---|---|---|---|---|---|
| 112 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 200000 | 0 | 0 | 0 |
| | ആകെ | 365 | 30,30,69,666 | 134 | 3,76,52,633 | 12.42 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 1317 | 2,71,833 | 2,73,150 | 0 | 2,73,150 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 43,06,474 | 43,06,474 | 43,06,474 | 0 |
| ആകെ | 1317 | 45,78,307 | 45,79,624 | 43,06,474 | 2,73,150 |

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2019-20 വർഷം 900 ( തൊഴിൽ ദിനങ്ങൾ) പദ്ധതികളുൾപ്പെടുന്ന 5,55,89,446/- രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം 49,01,333/- രൂപയുടെ 108 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്. തൻ വർഷം വിവിധ പദ്ധതികളിലായി ആകെ 15622 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ലഭിച്ച 42 കുടുംബങ്ങളുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 14,520 | 9 |
| കർഷകതൊഴിലാളി പെൻഷൻ | 3,34,200 | 65 |
| വിധവാപെൻഷൻ | 1,15,84,800 | 2027 |
| വാർദ്ധക്യകാലപെൻഷൻ | 1,54,97,700 | 2790 |
| വികലാംഗപെൻഷൻ | 37,02,600 | 668 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 48,000 | 8 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 4,80,000 | 16 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06-11-2021 തീയ്യതിയിൽ 3.30 Pm ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 47,338/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ദൈനം ദിന പ്രവർത്തനത്തിനായി പത്തോളം വെബ്സൈറ്റുകളും സ്ഥാപന സോഫ്റ്റ്‌വെയറും ഉപയോഗിക്കുന്നുണ്ട്. എന്നാൽ ഓഫീസ് ഉത്തരവിൽ ഓരോ ജീവനക്കാർക്കും ചുമതലകൾ വിഭജിച്ചു നൽകുമ്പോൾ സോഫ്റ്റ്‌വെയറുകളുടെ ഉപയോഗം അവയുടെ ബാക്ക്അപ്പ് എടുത്ത് സൂക്ഷിക്കൽ എന്നിവ സംബന്ധിച്ച പരാമർങ്ങളൊന്നും ഇല്ല. ഈ അപാകതൾ പരിഹരിക്കേണ്ടതാണ്.

ഓഡിറ്റ് വർഷം പഞ്ചായത്ത് ഭരണസമിതി 25 തവണ യോഗം ചേർന്നിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിങ്

കമ്മിറ്റി 14 തവണയും വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി 13 തവണയും ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 13 തവണയും ആരോഗ്യ -വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റി 12 തവണയും യോഗം ചേർന്നിട്ടുണ്ട്. യോഗ തീരുമാനങ്ങൾ കൃത്യമായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ട്. പഞ്ചായത്തിന്റെ ഓരോ മാസത്തെയും വരവ് ചെലവ് കണക്കുകൾ തൊട്ടടുത്ത മാസം 10 ാം തിയ്യതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കണം എന്ന വ്യവസ്ഥ കൃത്യമായി പാലിച്ചിട്ടുണ്ട്.

ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ യോഗം (Staff Meeting) 2019-2020 സാമ്പത്തിക വർഷം 5 തവണ ചേർന്നിട്ടുണ്ട്. യോഗ തീരുമാനങ്ങൾ മിനട്സ് ബുക്കിൽ രേഖപ്പെടുന്നുണ്ട്. എന്നാൽ ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥൻ കൗണ്ടർസൈൻ ചെയ്യുകയോ മിനിറ്റ്സ് ബുക്ക് ക്ലോസ്സ് ചെയ്യുകയോ ചെയ്തിട്ടില്ല.

ക്ലറിക്കൽ തസ്തികയിൽ ജോലിചെയ്യുന്ന ജീവനക്കാർ പേഴ്സണൽ രജിസ്റ്റർ എഴുതുന്നന്നില്ല. സൂചിക സോഫ്റ്റ് വെയറിലെ വിവരങ്ങൾ അടങ്ങിയ പ്രിന്റ് ഫയലിൽ സൂക്ഷിക്കുന്നില്ലാത്തതിനാൽ ഫയലുകളുടെ മേൽ പരിശോധനാ വിവരം മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. ഓഫീസിൽ ലഭിക്കുന്ന മുഴുവൻ തപാലുകളും സമയബന്ധിതമായി തീർപ്പകൽപ്പിക്കുന്നുണ്ട് എന്നുറപ്പവരുത്തുന്നതിന് എല്ലാ സെക്ഷനുകളും പേഴ്സണൽ രജിസ്റ്റർ എഴുതേണ്ടതും ആയത് സൂപ്പർവൈസറി തസ്തികയിലുള്ള ഉദ്യോഗസ്ഥൻ പരിശോധിക്കേണ്ടതുമാണ്.

സാംഖ്യ രസീതികൾക്കും റസീറ്റ് ബുക്കുകൾക്കും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. അവയുടെ സ്റ്റോക്ക് കൃത്യമാണ്.

സ്ഥാപനത്തിന്റെ സാമ്പത്തിക ഇടപാടുകൾ കൃത്യമായി അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ട്. ക്യാഷും അക്കൗണ്ട്സും വ്യത്യസ്ഥ ജീവനക്കാരാണ് കൈകാര്യം ചെയ്യുന്നത്. മാസാന്ത്യ / വർഷാന്ത്യം നടത്തേണ്ട പൊരുത്തപ്പെടുത്തലുകൾ കൃത്യമായി ചെയ്തു വരുന്നുണ്ട്. ക്യാഷ് ബുക്ക് പ്രതിദിന ക്ലോസിംഗ് നടത്തുന്നുണ്ട്. സ്ഥാപനത്തിലെ എല്ലാ ബാങ്ക് / ട്രഷറി ഇടപാടുകളും വാർഷിക ധനകാര്യ പത്രികയിലുൾപ്പെട്ടിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധി ആരംഭിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ പ്രവർത്തനം കാര്യക്ഷമമല്ല. ഓഡിറ്റിന്റെ ഭാഗമായി കാഷ് ബാലൻസ് പരിശോധിച്ചതിൽ ക്യാഷ് ബാലൻസ് ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നുണ്ട്.

വിവിധ വരവുകൾ യഥായമയം തന്നെ ബാങ്കുകളിൽ വരവു വെക്കുന്നുണ്ട്. പഞ്ചായത്തിൽ ലഭിക്കുന്ന ചെക്കുകളും ഡി.ഡികളും ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുകയും കാലതാമസം കൂടാതെ ബാങ്കുകളിൽ നിക്ഷേപിക്കുകയും ചെയ്യുന്നുണ്ട്. സുരക്ഷിതമായ തരത്തിൽ ഫ്രണ്ട് ഓഫീസ് സംവിധാനത്തിലൂടെയാണ് പഞ്ചായത്തിൽ പണം സ്വികരിച്ചു വരുന്നത്. ക്ലാർക്കുമാർ സ്വികരിക്കുന്ന പിരിവു തുക അതാതു ദിവസമോ അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസമോ പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വരുന്നുണ്ട്.

ഗ്രാമ പഞ്ചായത്തിൽ 2019-20 വർഷം പ്രൊക്യൂർമെന്റ് കമ്മിറ്റി ഒരു തവണ പോലും യോഗം ചേർന്നിട്ടില്ല. കമ്മിറ്റി മിനിറ്റ്സിൽ പർച്ചേസുകളുടെ വിവരങ്ങൾ ചേർത്തിട്ടില്ല. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പിനായി നിരവധി പർച്ചേസുകൾ നടത്തിയിട്ടുണ്ടെങ്കിലും പ്രൊക്യൂർമെന്റ് കമ്മിറ്റികൂടി തീരുമാനം എടുത്തിട്ടില്ല. ഇക്കാര്യത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

ഗ്രാമ പഞ്ചായത്തിൽ 13 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പ് 2019-20 ൽ ഒരു തവനപ്പോൾ യോഗചേർന്നിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-10 മറ്റു ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10-04-2020 മുതൽ 17-04-2020 വരെ | 10/2019 മുതൽ 03/2020 വരെ | 30-04-2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11-12-2018 മുതൽ 22-12-2018 വരെ | 2013-14 മുതൽ 2017-18 വരെ | 21-01-2019 |

1-11 പഞ്ചായത്തു പരിധിയിലെ റേഷൻ കടകൾ FTE&OS ലൈസൻസ് എടുക്കുന്നില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് വകുപ്പ് 232 പ്രകാരം പഞ്ചായത്തു പരിധിയിലുള്ള ഒരു സ്ഥലവും സെക്രട്ടറി നല്കുന്ന ലൈസൻസ് കൂടാതെ യാതൊരാവശ്യത്തിനും ഉപയോഗിക്കാൻ പാടില്ല.1996 ലെ കേരളാ പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നല്കൽ) ചട്ടങ്ങൾ , ചട്ടം 3, പട്ടിക 1(ക്രമ നം 149) പ്രകാരം റേഷൻ കടകൾ FTE & OS ലൈസൻസ് എടുത്ത ശേഷം മാത്രമേ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കാൻ പാടുള്ളൂ. എന്നാൽ മംഗൽപാടി പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന റേഷൻ കടകൾ നാളിതു വരെയായി ലൈസൻസ് എടുത്തിട്ടില്ല. തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-12 ലൈസൻസ് - വാർഡ് വൈസ് ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല.

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളുടെയും ലിസ്റ്റ് തയ്യാറാക്കി അതു പ്രകാരം ലൈസൻസ് രജിസ്റ്റർ എഴുതി സൂക്ഷിയ്ക്കുന്നില്ല. സാംഖ്യാ അക്കൗണ്ട് പ്രകാരം ലൈസൻസ് ഫീ അടവാക്കിയ സ്ഥാപനങ്ങളെ മാത്രം ചേർത്ത് രജിസ്റ്റർ എഴുതി തയ്യാറാക്കുന്നതിനാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് ഉറപ്പാക്കാനായിട്ടില്ല. എല്ലാ വർഷവും പുതിയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി ഈ ലിസ്റ്റ് പ്രകാരം രജിസ്റ്റർ എഴുതി ഡി.സി.ബി. പത്രിക തയ്യാറാക്കേണ്ടതും സാംഖ്യാ അക്കൗണ്ട് പ്രകാരമുള്ള വരവുമായി റിക്കൺസൈൽ ചെയ്യേണ്ടതുമാണ്. ആയത് പാലിച്ചിട്ടില്ല. ലൈസൻസ് രജിസ്റ്റർ പ്രകാരം 2019-20 വർഷത്തിൽ 629 ലൈസൻസ് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലുള്ള മുഴുവൻ വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും അനുമതിയില്ലാതെ യാതൊരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

1-13 സേവനങ്ങൾ നൽകുന്നതിന് നിയമ പ്രകാരമുള്ള ഉപനികുതി ഈടാക്കുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 200(2) പ്രകാരം ഓരോ ഗ്രാമപഞ്ചായത്തിനും അതിന്റെ പ്രദേശത്ത് ശുചിത്വ പരിപാലനം, ജലവിതരണം, സ്കാവൻജിംഗ്, തെരുവ് വിളക്കുകളും ഡ്രെയിനേജും എന്നിവയ്ക്ക് അപ്രകാരം ഗ്രാമപഞ്ചായത്ത് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം നിർണ്ണയിക്കപ്പെട്ട കുറഞ്ഞ നിരക്കിന് വിധേയമായി പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. 14.01.2011 ലെ കേരള അസാധാരണ ഗസറ്റ് നമ്പർ 82 ൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എസ്.ആർ.ഒ. നമ്പർ 37/2011 ആയി സർക്കാർ പ്രസിദ്ധീകരിച്ചു. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 27 പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ ഈടാക്കേണ്ട സേവന ഉപനികുതിയുടെ കുറഞ്ഞ നിരക്കുകൾ എത്രയെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം 29 പ്രകാരം പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഫീസ് ഈടാക്കാമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ സേവന ഉപനികുതി ഈടാക്കുന്നതിനായി

പഞ്ചായത്തിൽ ഓഡിറ്റ് കാലയളവ് വരേയും നടപടി ക്രമങ്ങൾ പൂർത്തീകരിച്ചില്ല. 2019-20 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ നിന്നും ഏർപ്പെടുത്തിയ സേവനങ്ങൾക്ക് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഏർപ്പെടുത്തിയ സേവനങ്ങൾ | ചെലവഴിച്ച തുക |
|---|---|
| തെരുവ് വിളക്ക് (Code No 230100101) | 12,42,289 |
| വാട്ടർ ചാർജ്ജ് (Code No 230110102) | 5,42,504 |
| ആകെ | 17,84,793 |

ഇക്കാര്യം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-14 റദ്ദാക്കിയ സാംഖ്യ രസീതിലെ തുകകൾ സഞ്ചയയിൽ വരവായി രേഖപ്പെടുത്തുന്നു.

2019-20 വർഷത്തെ റദ്ദാക്കിയ സാംഖ്യ രസീത് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ചുവടെ പറയുന്ന രസീതികൾ സഞ്ചയയിൽ നിന്നും നീക്കം ചെയ്യാതെ പിരിച്ചെടുത്തതായി രേഖപ്പെടുത്തിയിരിക്കുന്നു.

| ക്രമ നം. | തീയതി | രസീത് നമ്പർ | പേര് | വാർഡ് | ഡോർ നമ്പർ | തുക |
|---|---|---|---|---|---|---|
| 1 | 20/04/2019 | 119320100798 | അബ്ദുൾ റഹിമാൻ | 22 | 388 A | 1895 |
| 2 | 20/05/2019 | 119320102650 | അഷ്റഫ് | 4 | 1390 | 1328 |
| 3 | 12/06/2019 | 119320103875 | അബൂബക്കർ ഹാജി | 17 | 583 A | 3853 |
| 4 | 12/06/2019 | 119320103895 | യൂസഫ് | 16 | 480 C13 | 2393 |
| 5 | 12/06/2019 | 119320103917 | യൂസഫ് | 16 | 480 C23 | 1548 |
| 6 | 02/08/2019 | 119320106739 | എം.അബൂബക്കർ | 5 | 915 P | 2265 |
| 7 | 31/08/2019 | 119320107561 | നൂർ മുഹമ്മദ് | 21 | 733 A | 366 |
| 8 | 03/09/2019 | 119320107624 | ഹമ്മീദ് .കെ | 4 | 1685 C | 4002 |
| 9 | 27/09/2019 | 119320108393 | സുബ്ബക്ക | 17 | 154 | 268 |

മേൽ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 06/ 08.11.2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സഞ്ചയയിലെ മേൽ അപാകതകൾ പരിഹരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-15 വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിച്ച തുകയുടെ കളക്ഷൻ ചാർജ് ഈടാക്കിയിട്ടില്ല.

1996 ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ്സ് നിയമത്തിലെ വകുപ്പ് 3(3) പ്രകാരം കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം പിരിച്ചെടുക്കുന്ന അതോറിറ്റിയുടെ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്. എന്നാൽ 2019-20, 2020-21 സാമ്പത്തിക വർഷത്തെ വിവിധ മരാമത്ത് പ്രവൃത്തികളിൽ നിന്നും കേരള

കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിലേക്ക് ഒടുക്കുവരുത്തിയ തുകയിൽ നിന്നും മേൽ പ്രകാരം തുക മുതൽ കൂട്ടിയിട്ടില്ല. കളക്ഷൻ ചാർജ്ജ് ഈടാക്കാത്തത് കാരണം പഞ്ചായത്തിന് നഷ്ടമുണ്ടാകുന്നത് ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

1-16 ഹരിത സഹായ സംഘങ്ങൾക്കുള്ള വേതനം പദ്ധതി - അപാകത

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി.സെക്രട്ടറി

| | |
|---|---|
| പ്രൊജക്ട് നം. | 0239/20 |
| അടങ്കൽ | 1) 50,000/- രൂപ - പ്ലാൻ ജനറൽ<br>2)1,00,000/-രൂപ – തനത് ഫണ്ട് |
| ചെലവ് | 1,50,000/-രൂപ |
| വൗച്ചർ നം. | 21900390/7.8.2019 - 1,50,000/-രൂപ |

സൂചന – നമ്പർ. ഡിഡിപി - കെഎസ്ഡി /7021/2018/ എസ്.സി-3/ തിയ്യതി 4.4.2019, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസറഗോഡ്.

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ഒരു പദ്ധതിയാണിത്. മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള 7 ഗ്രാമ പഞ്ചായത്തുകൾ അടങ്ങിയ ഒരു ക്ലസ്റ്ററിന് രൂപം കൊടുക്കുകയും ഈ ക്ലസ്റ്റർ ഒരു ഹരിത സഹായ സ്ഥാപനത്തിന് കീഴിൽ പ്രവർത്തിച്ച് മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യണം. ഓരോ ഗ്രാമ പഞ്ചായത്തിലെയും ഹരിത കർമ്മസേനയുടെ സ്ഥായിയായ നിലനിൽപ്പിനും മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കും സഹായങ്ങളും നിർദ്ദേശങ്ങളും നൽകി അവരെ മുന്നോട്ട് നയിക്കുകയാണ് ഹരിത സഹായ സ്ഥാപനം ചെയ്യേണ്ടത്. ഈ ഹരിത സഹായ സ്ഥാപനങ്ങൾക്ക് ഓരോ ഗ്രാമ പഞ്ചായത്തും ഒരു നിശ്ചിത തുക പദ്ധതിയിൽ ഉൾപ്പെടുത്തി നൽകണം. ഗ്രീൻ സ്പേസ് സൊല്യൂഷൻസ്, മഞ്ചേശ്വരം എന്ന സ്ഥാപനമാണ് ഇവിടെ തെരഞ്ഞെടുത്ത ഹരിത സഹായ സ്ഥാപനം.

സൂചനാ യോഗത്തിൽ ഹരിത സഹായ സ്ഥാപനവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന തീരുമാനങ്ങൾ എടുത്തിട്ടുണ്ട്.

1. 2019-20 വർഷത്തിൽ പഞ്ചായത്തുകൾ ഗ്രീൻ സ്പേസ് സൊല്യൂഷൻസ്, മഞ്ചേശ്വരവുമായി കരാറിൽ ഏർപ്പെട്ട് നടത്തിപ്പ് തുക നൽകണം.

2. ഹരിത സഹായ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ ഓരോ മാസവും ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തി ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരത്തോടെയാണ് തുക അനുവദിക്കേണ്ടത്.

3. ഹരിത സഹായ സ്ഥാപനം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി, നിർവ്വഹണ ഉദ്യോഗസ്ഥർ എന്നിവരുമായി കൂടിയോലോചിച്ച് ഓരോ മാസവും ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളുടെ വിവരം മുൻകൂട്ടി അറിയിക്കണം.

4. ഓരോ ഗ്രാമ പഞ്ചായത്തിലെയും ഹരിത കർമ്മസേന 2019 ഏപ്രിൽ 1 ന് ആരംഭിക്കണം.

29.4.2019 ലെ ഭരണസമിതി തീരുമാനം നം.6 പ്രകാരം 2018-19 വർഷത്തെ തെരെഞ്ഞെടുത്ത ഹരിത സഹായ സ്ഥാപനമായ ഗ്രീൻ സ്പേസ് സൊല്യൂഷൻസ്, മഞ്ചേശ്വരത്തിന് വേതനം കൊടുക്കുവാൻ തീരുമാനിച്ചു. വൗച്ചർ നം.21900390/7.8.2019 പ്രകാരം 1,50,000/-രൂപ 2019-20 വർഷത്തിൽ നൽകിയിട്ടുണ്ട്. 2.4.2019 ന് ഗ്രീൻ സ്പേസ് സൊല്യൂഷൻസ്, മഞ്ചേശ്വരവുമായി കരാറിൽ ഒപ്പു വെക്കുകയും

ചെയ്തിട്ടുണ്ട്.

ഈ തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് 2.4.2019 ന് ഒപ്പിട്ട കരാറിലെ 3,4 വ്യവസ്ഥകൾ പ്രാകാരം താഴെപ്പറയുന്ന കാര്യങ്ങൾക്ക് വിശദീകരണം നൽകിയിട്ടില്ല.

1. വ്യവസ്ഥ 3-1 പ്രകാരം ഹരിത കർമ്മസേന രൂപീകരിച്ചതിന്റെ വിശദവിവരങ്ങൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2. വ്യവസ്ഥ 3-2 പ്രകാരം സമഗ്രമാലിന്യ സംസ്കരണ പരിപാടി -ഡി.പി.ആർ തയ്യാറാക്കിയിട്ടുണ്ടോ എന്ന് വിശദീകരിക്കേണ്ടതാണ്. ഉണ്ടെങ്കിൽ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3. വ്യവസ്ഥ 3-3 സമഗ്രമാലിന്യ സംസ്കരണ പരിപാടി -ഡി.പി.ആർ പ്രകാരം മാലിന്യശേഖരണത്തിന് ഫീസ് നിശ്ചയിച്ചതിന്റെ വിശദവിവരങ്ങൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

4. വ്യവസ്ഥ 3-8 പ്രകാരം ചന്തകൾ, പൊതുസ്ഥലം, പൊതു സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉണ്ടാവുന്ന ജൈവ മാലിന്യങ്ങൾ സംസ്കരിക്കാൻ സംവിധാനം ഉണ്ടാക്കിയിട്ടുണ്ടോ എന്ന് വിശദീകരിച്ചിട്ടില്ല.

5. വ്യവസ്ഥ 3-9 പ്രകാരം ഹരിതകർമ്മ സേനക്ക് ഓഫീസ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് വിശദീകരിച്ചിട്ടില്ല.

6. വ്യവസ്ഥ 3-10 പ്രകാരം ഹരിതകർമ്മ സേനക്ക് വാഹന സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് വിശദീകരിച്ചിട്ടില്ല.

7. വ്യവസ്ഥ 3-11 പ്രകാരം അജൈവ മാലിന്യം സംബന്ധിച്ച് ക്ലീൻ കേരളാ കമ്പനിയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ എന്ന് വിശദീകരിച്ചിട്ടില്ല.

8. വ്യവസ്ഥ 3-14 പ്രകാരം ഹരിതകർമ്മ സേന, ഹരിത സഹായ സ്ഥാപനം എന്നിവയുടെ പ്രവർത്തനം വിലയിരുത്താൻ സോഷ്യൽ ഓഡിറ്റ് ടീമിനെ നിയോഗിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ റിപ്പോർട്ടുകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

9. വ്യവസ്ഥ 4-1 – ഹരിതകർമ്മസേനക്ക് ആവശ്യമായ പരിശീലനം ഹരിത സഹായ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ നൽകിയിട്ടുണ്ടോ എന്ന് വിശദീകരിച്ചിട്ടില്ല.

10. വ്യവസ്ഥ 4-8 – ഹരിതകർമ്മസേനയുടെ പ്രവർത്തനം വിലയിരുത്തി ഹരിത സഹായ സ്ഥാപനം ഗ്രാമപഞ്ചായത്തിന് റിപ്പോർട്ട് നൽകിയിട്ടുണ്ടോ എന്ന് വിശദീകരിക്കേണ്ടതാണ്.ഉണ്ടെങ്കിൽ അവരുടെ റിപ്പോർട്ടുകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

11. വ്യവസ്ഥ 4-13 - ശുചിത്വ -മാലിന്യ സംസ്കരണം അവസ്ഥാ വിശകലന റിപ്പോർട്ട് പ്രായോഗിക കർമ്മ പരിപാടി എന്നിവ കരാർ വച്ച് 30 ദിവസത്തിനകം നൽകേണ്ടതാണ്. ഹരിത സഹായ സ്ഥാപനമായ ഗ്രീൻ സ്പേസ് സൊല്യൂഷൻസ് സമർപ്പിച്ച ഈ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.17/08.11.2021 പ്രകാരം അപാകതകൾ അറിയിച്ചതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 1,50,000/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

1-17 ലോ മാസ്റ്റ് തെരുവ് വിളക്കുകൾക്ക് വൈദ്യുതി കണക്ഷൻ നൽകൽ -പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

| | |
|---|---|
| പ്രൊജക്ട് നം. | 0447/2020 |
| അടങ്കൽ | 1,50,000/-രൂപ (തനത് ഫണ്ട്) |

| | |
|---|---|
| ചെലവ് | 1,37,917/-രൂപ |
| വൗച്ചർ നം./ തുക | 21900869/4.2.2020 - 1,37,917/-രൂപ |

മംഗൽപാടി ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ലോ മാസ്റ്റ് തെരുവ് വിളക്കുകൾക്ക് വൈദ്യുതി കണക്ഷൻ നൽകാനുള്ളതാണ് ഈ പദ്ധതി. കേരള സംസ്ഥാന വൈദ്യുതി ബോർഡ്, ഉപ്പള സെക്ഷൻ അസി.എഞ്ചിനീയറുടെ താഴെപ്പറയുന്ന ഡിമാന്റ് നോട്ടീസുകൾ പ്രകാരമാണ് തുക നൽകിയിട്ടുള്ളത്.

| ക്രമ നം. | ഡിമാന്റ് നോട്ടീസ് നം./തിയ്യതി | തുക | റിമാർക്സ് |
|---|---|---|---|
| 1 | DB/Demand Letter For S/c/2019-20/Dt.21.1.20 | 15769/- | ഉപ്പള ഭഗവതി ടെമ്പിളിന് സമീപം |
| 2 | DB/Demand Letter For S/c/2019-20/Dt.21.1.20 | 68904/- | വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള 22ലോ മാസ്റ്റ് തെരുവ് വിളക്കുകൾക്ക് |
| 3 | DB/Demand Letter For S/c/2019-20/Dt.16.1.20 | 3132/- | ബേരിക്ക ബേക്കറിക്ക് സമീപം |
| 4 | DB/Demand Letter For S/c/2019-20 /101/Dt.16.1.20 | 37584/- | വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള 12ലോ മാസ്റ്റ് തെരുവ് വിളക്കുകൾക്ക് |
| 5 | DB/Demand Letter For S/c/2019-20/Dt.16.1.20 | 3132/- | ഷിറിയ ചക്കന്റോടി |
| 6 | DB/Demand Letter For S/c/2019-20/Dt.16.1.20 | 3132/- | ഇസ്ലാംപാറ കടപ്പുറം |
| 7 | DB/Demand Letter For S/c/2019-20/Dt.16.1.20 | 3132/- | ഷിറിയ ബത്തേരി ജങ്ക്ഷൻ |
| 8 | DB/Demand Letter For S/c/2019-20/Dt.16.1.20 | 3132/- | ഒബർല |
| | ആകെ | 1,37,917/-രൂപ | |

മേൽ വൗച്ചർ പ്രകാരം 1,37,917/- രൂക്പ കേരള സംസ്ഥാന വൈദ്യുതി ബോർഡ്, ഉപ്പള സെക്ഷന് കൈമാറി. (അക്കൗണ്ട് നം.42103170000077,സിൻഡിക്കറ്റ് ബാങ്ക്, ഉപ്പള). ഈ പദ്ധതി

നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

1)കേരള സംസ്ഥാന വൈദ്യുതി ബോർഡ്, ഉപ്പള സെക്ഷൻ ലോ മാസ്റ്റ് തെരുവ് വിളക്കുകൾക്ക് വൈദ്യുതി കണക്ഷന് വേണ്ടി തയ്യാറാക്കി സമർപ്പിച്ച രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2)ഡിമാന്റ് നോട്ടീസ് പ്രകാരം തുക നൽകുന്നതിന് ഭരണസമിതി അംഗീകാരം നൽകിയ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3) മേൽപട്ടികയിലെ ക്രമ നം. (2),(4) എന്നിവ പ്രകാരം ആകെ 34 ലോ മാസ്റ്റ് തെരുവ് വിളക്കുകൾ എവിടെയൊക്കെ സ്ഥാപിച്ചു എന്ന് വിശദീകരിച്ചിട്ടില്ല.

4)പദ്ധതി പൂർത്തീകരിച്ചതിന്റെ വിശദവിവരങ്ങൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.12/08.11.2021 പ്രകാരം ഈ അപാകതകൾ അറിയിച്ചതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 1,37,917/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

1-18 15,16,23 വാർഡുകളിൽ തെരുവ് വിളക്ക് ലൈൻ വലിക്കൽ പദ്ധതി- വിനിയോഗ വിവരം ലഭ്യമാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

| | |
|---|---|
| പ്രൊജക്ട് നം. | 0037/2020 |
| അടങ്കൽ | 13,00,000/-രൂപ (തനത് ഫണ്ട്) |
| ചെലവ് | 13,00,000/-രൂപ |
| വൗച്ചർ നം. | 21900911/12.2.2020 - 13,00,000/-രൂപ |

മംഗൽപാടി ഗ്രാമ പഞ്ചായത്തിലെ 15,16,23 വാർഡുകളിൽ തെരുവ് വിളക്ക് ലൈൻ വലിക്കാനുള്ളതാണ് ഈ പദ്ധതി. കേരള സംസ്ഥാന വൈദ്യുതി ബോർഡ്, ഉപ്പള സെക്ഷൻ അസി.എഞ്ചിനീയറുടെ കത്ത് നം.DB/106/ Demand Letter/ 2019-20/ Dt.7.2.2020 പ്രകാരം എസ്റ്റിമേറ്റ് തുക 13,00,000/- രൂപ ഡെപ്പോസിറ്റ് ചെയ്യാൻ ആവശ്യപ്പെട്ടിരുന്നു. എക്സി. എഞ്ചിനീയർ കേരള സംസ്ഥാന വൈദ്യുതി ബോർഡ്, ഇലക്ട്രിക്കൽ സബ്ബ് ഡിവിഷൻ, ഉപ്പള കാസറഗോഡ് നം.TS/ES/ 96/ 2019-20/ AEE/ UPL/ Dt.6.2.2020 പ്രകാരം എസ്റ്റിമേറ്റിന് അനുമതി നൽകിയിട്ടുണ്ട്. ബിൽ നം. പ്രകാരം 13,00,000/- രൂപ കേരള സംസ്ഥാന വൈദ്യുതി ബോർഡ്, ഉപ്പള സെക്ഷന് കൈമാറി . (അക്കൗണ്ട് നം.42103170000077,സിൻഡിക്കേറ്റ് ബാങ്ക്, ഉപ്പള)

ഈ പദ്ധതി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയില്ല.

1)കേരള സംസ്ഥാന വൈദ്യുതി ബോർഡ്, ഉപ്പള സെക്ഷൻ ഈ പദ്ധതിക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റ് ഫയലിൽ ലഭ്യമല്ല. പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2)എസ്റ്റിമേറ്റിന് ഭരണസമിതി അംഗീകാരം നൽകിയ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3)പദ്ധതി പൂർത്തീകരിച്ചതിന്റെ വിശദവിവരങ്ങൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.13/08.11.2021 പ്രകാരം ഈ അപാകതകൾ അറിയിച്ചതിന് മറുപടി

നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 13,00,000/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

1-19 പാലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റി/പാലിയേറ്റീവ് ഇംപ്ലിമെന്റേഷൻ കമ്മിറ്റി യോഗങ്ങൾ ചേരുന്നില്ല

| | |
|---|---|
| പ്രോജക്ട് നം | 0010/19-20 |
| പ്രോജക്ടിന്റെ പേര് | സാന്ത്വന പരിചരണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, മംഗൽപാടി |
| അടങ്കൽ | 7,00,000/- രൂപ (വികസന ഫണ്ട് – ജനറൽ) , 3,00,000/-(തനതുഫണ്ട്), 1,00,000/- (ബ്ലോക്ക് ഷെയർ) |
| ചെലവ് | 10,31,662 /-രൂപ |

സ.ഉ.(സാധാ) നം.3217/2015/ ത.സ്വ.ഭ.വ. തീയ്യതി 29.10.2015 നമ്പർ ഉത്തരവിലേയും സ.ഉ. (സാധാ) നം.553/2019/ത.സ്വ.ഭ.വ തീയ്യതി 07.03.2019 നമ്പർ ഉത്തരവിലേയും മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പാലിയേറ്റീവ് പ്രവർത്തനങ്ങൾ ഏറ്റെടുക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട് . പ്രസ്തുത ഉത്തരവ് പ്രകാരം പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി (PMC) രൂപീകരിച്ച് രണ്ട് മാസത്തിലൊരിക്കലോ ഇടവേളകളിൽ ആവശ്യാനുസരണമോ യോഗം ചേർന്ന് തങ്ങളുടെ പരിധിയിൽ നടക്കുന്ന പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പോരായ്മകൾ പരിഹരിക്കുന്നതിനും പരിമിതികൾ മറികടക്കുന്നതിനും ആവശ്യമായ തീരുമാനങ്ങൾ കൈകൊള്ളേണ്ടതാണ്. മംഗൽപാടി ഗ്രാമപഞ്ചായത്തിൽ PMC യുടെ യോഗം 2019-20 വർഷം ചേർന്നതിന്റെ വിവരം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

പാലിയേറ്റീവ് കെയർ ഇംപ്ലിമെന്റേഷൻ കമ്മിറ്റി (P.I.C) എല്ലാമാസവും 5-ാം തീയതിക്കു മുമ്പായി യോഗം ചേർന്ന് പാലിയേറ്റീവ് കെയർ നിർവ്വഹണം വിലയിരുത്തേണ്ടതാണ്. ആവശ്യമെങ്കിൽ രണ്ട് പ്രതിമാസ യോഗങ്ങൾക്കിടയിലും ഈ കമ്മറ്റിക്ക് യോഗം ചേരാം. മംഗൽപാടി ഗ്രാമ പഞ്ചായത്തിൽ PIC യുടെ യോഗം 2019-10 വർഷം ചേർന്നതിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഭാവിയിൽ സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി പ്രതിമാസ യോഗങ്ങൾ വീഴ്ച കൂടാതെ നടത്തി പാലിയേറ്റീവ് കെയർ നിർവ്വഹണം വിലയിരുത്തുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

പാലിയേറ്റീവ് കെയർ രോഗികളുടെ പേര് വിവരം വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നില്ല

